**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1344** **15-10-2026-ൽ മറുപടിയ്ക്ക്**

**ഭൂനിയമങ്ങളുടെ പരിഷ്കരണം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. വി. മുരളീധരൻ

ശ്രീ. രാജീവ് ചന്ദ്രശേഖർ

ശ്രീ. ബി. ബി. ഗോപകുമാർ

**മറുപടി നൽകിയ മന്ത്രി**

ശ്രീ. എ. പി. അനിൽ കുമാർ

(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** നിലവിലുള്ള സർക്കാരിന്റെ രൂപീകരണത്തോടനുബന്ധിച്ച് നടത്തപ്പെട്ട ഗവർണറുടെ നയപ്രഖ്യാപനത്തിൽ ഭൂസംബന്ധമായ എല്ലാ നിയമങ്ങളും സമഗ്രമായി പുന:പരിശോധിക്കുന്നതിനായി ഒരു കമ്മീഷനെ നിയമിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നിട്ടും, 23.9.2026 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1880/2026/ആർ.ഡി.പ്രകാരം 1963 ലെ കേരള ഭൂപരിഷ്കരണ നിയമം പരിഷ്കരിക്കുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതിനാണ് സർക്കാർ നിലവിൽ സമിതിയെ നിയോഗിച്ചിരിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത നയവ്യതിയാനത്തിന് കാരണമെന്താണെന്ന് വിശദമാക്കുമോ;

**മറുപടി:** നിലവിൽ 1963 ലെ കേരള ഭൂപരിഷ്കരണ നിയമം പരിഷ്കരിക്കുന്ന വിഷയം പരിശോധിക്കുന്നതിനായി 22.9.2026-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1880/2026/ആർ.ഡി. പ്രകാരം സമിതി രൂപീകരിച്ചിട്ടുണ്ട്.

**(ബി)** നയപ്രഖ്യാപനത്തിന് വിരുദ്ധമായി നിലവിൽ 1963ലെ കേരള ഭൂപരിഷ്കരണ നിയമം പരിഷ്കരിക്കുവാൻ മാത്രമാണ് ഉദ്ദേശിക്കുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** 1963 ലെ കേരള ഭൂപരിഷ്കരണ നിയമം സെക്ഷൻ 81 പ്രകാരം ഒഴിവ് ലഭിച്ചിട്ടുള്ള മുഴവൻ ഭൂമിയും മിച്ചഭൂമിയുടെ പരിധിയിൽ വരുന്നവയായിരുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

**മറുപടി:** ഒരു വ്യക്തിയുടെ ഭൂപരിധി നിർണ്ണയിക്കുമ്പോൾ ചില പ്രത്യേക ഭൂമികൾക്ക് അനുവദിക്കുന്ന ഒഴിവുകളെ സംബന്ധിച്ചാണ് ഭൂപരിഷ്കരണ നിയമം സെക്ഷൻ 81 ൽ പ്രതിപാദിക്കുന്നത്. കേരള ഭൂ പരിഷ്കരണ നിയമത്തിലെ III ആം അദ്ധ്യായത്തിലെ പരമാവധി വിസ്തീർണത്തിൽ കവിഞ്ഞുള്ള ഭൂമിയുടെ ഉടമസ്ഥാവകാശവും കൈവശാവകാശവും സംബന്ധിച്ച നിയന്ത്രണവും മിച്ചഭൂമി കൈയൊഴിക്കലും എന്ന അദ്ധ്യായത്തിലെ വ്യവസ്ഥകൾ 81 ആം വകുപ്പിൽ പറയുന്ന ഒഴിവുകൾക്ക് ബാധകമാകുന്നതല്ല.

**(ഡി)** നയപ്രഖ്യാപനത്തിന് അനുസൃതമായി മുഴുവൻ ഭൂനിയമങ്ങളും സാധാരണ ജനങ്ങൾക്ക് പ്രയോജനകരമാകുന്ന തരത്തിൽ കാലാനുസൃതമായി പരിഷ്കരിക്കുന്നതിനുള്ള ചുമതല, 23.9.26 ലെ ഉത്തരവ് പ്രകാരം രൂപീകരിച്ച സമിതിയെ ഏൽപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

**<u>മറുപടി:</u>** 1963 ലെ കേരള ഭൂപരിഷ്കരണ നിയമം പരിഷ്കരിക്കുന്ന വിഷയം പരിശോധിക്കുന്നതിനായി 22.9.2026-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1880/2026/ആർ.ഡി. പ്രകാരം സമിതി രൂപീകരിച്ചിട്ടുണ്ട്

**സെക്ഷൻ ഓഫീസർ**